പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 197

# 2024-ലെ കേരള ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ നിയന്ത്രിക്കലും അതിവേഗ വിചാരണ നടത്തി വിധി പുറപ്പെടുവിക്കുന്നതും ഉറപ്പാക്കൽ ബിൽ

(ശ്രീ. ചാണ്ടി ഉമ്മൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 197

# 2024-ലെ കേരള ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ നിയന്ത്രിക്കലും അതിവേഗ വിചാരണ നടത്തി വിധി പുറപ്പെടുവിക്കുന്നതും ഉറപ്പാക്കൽ ബിൽ

(ശ്രീ. ചാണ്ടി ഉമ്മൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

502/2024.

# 2024-ലെ കേരള ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ നിയന്ത്രിക്കലും അതിവേഗ വിചാരണ നടത്തി വിധി പുറപ്പെടുവിക്കുന്നതും ഉറപ്പാക്കൽ ബിൽ

(ശ്രീ. ചാണ്ടി ഉമ്മൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിനും സാക്ഷികൾ കൂറുമാറുന്നതിനും തെളിവുകൾ നശിപ്പിക്കുകയും ചെയ്യുന്നതിനു മുൻപായി വിചാരണ നടത്തി വിധി പുറപ്പെടുവിക്കുന്നത് ഉറപ്പാക്കുന്നതിനുമായി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് വർദ്ധിച്ച വരുന്ന ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിനും അതിവേഗ വിചാരണ നടത്തി വിധി പുറപ്പെടുവിക്കേണ്ടതും ക്രമസമാധാനത്തിനും പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിന് ആവശ്യമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തി അഞ്ചാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ നിയന്ത്രിക്കലും അതിവേഗ വിചാരണ നടത്തി വിധി പുറപ്പെടുവിക്കുന്നതും ഉറപ്പാക്കൽ ആക്റ്റ് എന്ന പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം.—

(1) 'ആൾക്കൂട്ട കൊലപാതകം' എന്നാൽ ആകസ്മികമായോ അല്ലാതെയോ ആളുകൾ സംഘം ചേർന്ന് ഏതെങ്കിലും വ്യക്തികളെയോ , വ്യക്തിയെയോ ദുരാരോപണം നടത്തുകയോ കുറ്റാരോപണം നടത്തുകയോ തുടർന്ന് ജനക്കൂട്ട വിചാരണ നടത്തി അവരെ അല്ലെങ്കിൽ അയാളെ ആക്രമിക്കുകയോ ദേഹോപദ്രവം ഏൽപ്പിക്കുകയോ ചെയ്ത് അത് മരണത്തിൽ കലാശിക്കുകയും ചെയ്യുന്ന ഏതൊരു കൊലപാതകവും എന്നർത്ഥമാകുന്നു.

(2) 'ദുരഭിമാന കൊലപാതകം' എന്നാൽ വിവാഹത്തിന് നിയമപരമായി യോഗ്യരായ രണ്ടു വ്യക്തികളെ അവരവരുടെ പരസ്പര സ്നേഹം, ഇഷ്ടം, പ്രണയം, വിവാഹജീവിതം നയിക്കുന്നതിന് എടുക്കുന്ന തീരുമാനം എന്നിവയിൽ നിന്ന് പിന്തിരിപ്പിക്കുന്നതിനോ, അത്തരം തീരുമാനം തടസ്സപ്പെടുത്തുന്നതിനോ ആയി ഏതെങ്കിലും മാർഗ്ഗം സ്വീകരിക്കുകയോ തത്ഫലമായി അങ്ങനെയുള്ള വ്യക്തികളിൽ ഒരാൾക്കോ, രണ്ടു പേർക്കുമോ ജീവൻ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുകയോ ചെയ്യുന്നത് എന്നർത്ഥമുള്ളതാകുന്നു.

(3) 'രാഷ്ട്രീയ കൊലപാതകം' എന്നാൽ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായോ, രാഷ്ട്രീയ ചർച്ച, തർക്കം എന്നിവയുടെ ഭാഗമായോ, വ്യക്തികൾ തമ്മിലോ രാഷ്ട്രീയ പാർട്ടികൾ തമ്മിലോ സംഘർഷം ഉണ്ടാകുകയോ, സംഘർഷം ഇല്ലാതെ തന്നെ പെട്ടെന്നുള്ള പ്രകോപനപരമായ പെരുമാറ്റം വഴിയോ ആസൂത്രണത്തിന്റെ ഭാഗമായോ നടത്തുന്ന ഏതൊരു കൊലപാതകവും എന്നർത്ഥമാകുന്നു.

(4) 'വർഗ്ഗീയ കൊലപാതകം' എന്നാൽ ഏതെങ്കിലും ജാതി, മത, വർഗ്ഗ , വർണ്ണ , ആരാധനാക്രമ വ്യത്യാസങ്ങളുടെ ഭാഗമായി ഉണ്ടാകുന്ന തർക്കം അല്ലെങ്കിൽ പെരുമാറ്റം എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെയോ ഒന്നിലധികം കാര്യങ്ങളുടെയോ ഭാഗമായി ഏതെങ്കിലും വ്യക്തിക്കോ വ്യക്തികൾക്കോ ഉണ്ടാകുന്ന ജീവഹാനി എന്നർത്ഥമാകുന്നു.

(5) 'ദുരഭിമാന കുറ്റകൃത്യങ്ങൾ' എന്നാൽ പൊതുസ്ഥലങ്ങളിലും പൊതുജനം വന്നുപോകുന്ന മറ്റു സ്ഥലങ്ങളിലോ പെരുമാറ്റം, മുൻഗണന, മര്യാദ വിട്ടു പെരുമാറൽ, തടസ്സപ്പെടുത്തൽ, വൈകിക്കൽ, ഭീഷണിപ്പെടുത്തൽ എന്നിവയുമായി ബന്ധപ്പെട്ടുണ്ടാകുന്ന തെറ്റിദ്ധാരണയാലോ ഏതെങ്കിലും ലഹരിവസ്തുക്കളുടെ ഉപയോഗം നിമിത്തം ഉള്ള പെരുമാറ്റത്താലോ, ഏതെങ്കിലും തരത്തിൽ അസഭ്യമായ പദപ്രയോഗം നടത്തുകയോ കയ്യേറ്റം, വാക്കേറ്റം, കയ്യേറ്റ ശ്രമം എന്നിവയോ നടത്തുകയും ചെയ്യുന്നത് എന്ന് അർത്ഥമാകുന്നു.

3. <u>കുറ്റകൃത്യങ്ങൾ നിരോധിക്കൽ</u>.—രണ്ടാം വകുപ്പിൽ നിർവചിച്ചിട്ടുള്ള ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ, ദുരഭിമാന കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനുള്ള ശ്രമം എന്നിവ ഈ ആക്റ്റ് പ്രകാരം കുറ്റകൃത്യം ആയിരിക്കുന്നതും അവ ഇതിനാൽ നിരോധിക്കുകയും ചെയ്യുന്നു.

4. <u>മൂന്നാം വകുപ്പിന്റെ ലംഘനത്തിനുള്ള ശിക്ഷ</u> .—(1) മൂന്നാം വകുപ്പ് ലംഘിച്ചുകൊണ്ട് ചെയ്യുന്ന ആൾക്കൂട്ട കൊലപാതകം, രാഷ്ട്രീയ കൊലപാതകം, വർഗ്ഗീയ കൊലപാതകം, ദുരഭിമാന കൊലപാതകം എന്നിവ ചെയ്യുന്ന ഏതൊരാളും 2023-ലെ ഭാരതീയ ന്യായ സംഹിത അല്ലെങ്കിൽ 1860-ലെ ഇന്ത്യൻ പീനൽ കോഡ് എന്നിവയിൽ ഏതാണോ ബാധകം അത് പ്രകാരമുള്ള പരമാവധി ശിക്ഷ വരെയാകാവുന്ന ഏതൊരു ശിക്ഷയ്ക്കും പിഴയ്ക്കും കുറ്റസ്ഥാപനത്തിന്മേൽ ശിക്ഷാർഹൻ ആയിരിക്കുന്നതാണ്.

(2) മൂന്നാം വകുപ്പിലെ ദുരഭിമാന കുറ്റകൃത്യങ്ങളിൽപ്പെട്ട ഏതൊരു കൃത്യവും ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ പത്ത് വർഷം വരെ ആകാവുന്ന തടവിന് ശിക്ഷാർഹനായിരിക്കുന്നതാണ്.

(3) മൂന്നാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഏതൊരു കുറ്റകൃത്യവും കൊഗ്നൈസബിളും ജാമ്യം അനുവദിക്കേണ്ടത് അല്ലാത്തതും ആയിരിക്കുന്നതാണ്.

(4) മൂന്നാം വകുപ്പിൽ പറഞ്ഞിട്ടുള്ള കുറ്റകൃത്യം ചെയ്ത് ശിക്ഷാർഹനായ ഏതൊരാളും ശിക്ഷക്കു പുറമെ അയാൾ മൂലമുണ്ടായ കഷ്ട നഷ്ടങ്ങൾ പരിഹരിക്കുന്നതിന് നഷ്ടപരിഹാരം നൽകുന്നതിന് ബാധ്യസ്ഥനായിരിക്കുന്നതാണ്.

(5) മേൽപ്പറഞ്ഞ നാലാം ഉപവകുപ്പ് പ്രകാരം നഷ്ടപരിഹാരം നൽകാത്ത പക്ഷം പ്രസ്തുത തുക കുറ്റക്കാരനിൽ നിന്നും ഭൂനികുതിയുടെ ഒരു കുടിശ്ശികയായിരുന്നാലെന്ന പോലെ 1968-ലെ കേരള റവന്യൂ റിക്കവറി ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഈടാക്കിയെടുക്കേണ്ടതാണ്.

## ഉദ്ദേശ്യ കാരണങ്ങളുടെ വിവരണം

കേരള സംസ്ഥാനത്ത് ആൾക്കൂട്ട കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, ദുരഭിമാന കൊലപാതകങ്ങൾ, കുറ്റകൃത്യങ്ങൾ എന്നിവ ക്രമാതീതമായി വർദ്ധിച്ചുവരുന്നു. പൊതുനിരത്തുകളിൽ വാഹനം ഓടിക്കുന്നത് സംബന്ധിച്ച തർക്കങ്ങൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ബാറുകൾ, ബീച്ചുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ സേവനം ലഭ്യമാക്കുന്നതിലുണ്ടാകുന്ന കാലതാമസം, ഈഗോ പ്രശ്നങ്ങൾ മുതലായവ മൂലം അപ്രതീക്ഷിത ആക്രമണങ്ങൾ ഉണ്ടാകുന്നതും അവ കൊലപാതകത്തിലേക്ക് നയിക്കുന്ന സാഹചര്യമുണ്ടാകുന്നതും നിത്യ സംഭവമായ കാഴ്ചയാണ് കേരള സമൂഹത്തിൽ ഉള്ളത്.

കുറ്റകൃത്യങ്ങളുടെ അന്വേഷണം, വിചാരണ എന്നിവയിൽ ഉണ്ടാവുന്ന കാലതാമസം കുറ്റവാളികൾ സാക്ഷികളെ സ്വാധീനിക്കുന്നതിനും സാക്ഷികൾ പിന്മാറുന്നതിനും തെളിവുകൾ ദുർബലപ്പെടുത്തുന്നതിനും ഇടയാക്കുന്നതും തൽഫലമായി ന്യായമായ ശിക്ഷ ലഭിക്കേണ്ട കേസുകളിൽ പോലും പ്രതികൾ വെറുതെ വിടപ്പെടുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നു. അങ്ങനെ പ്രതികൾ വെറുതെ വിടപ്പെടുന്നതും മറ്റും സമൂഹത്തിൽ തെറ്റായ സന്ദേശം നൽകുകയും കുറ്റകൃത്യങ്ങളുടെ എണ്ണം കൂടുന്നതിന് കാരണമാകുകയും ചെയ്യുന്നുണ്ട്. വേഗത്തിലുള്ള വിചാരണയും കുറ്റസ്ഥാപനവും ശിക്ഷ ഉറപ്പാക്കലും നിയമവാഴ്ച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. അതിനാൽ അത്തരം കുറ്റകൃത്യങ്ങൾ അതിവേഗം വിചാരണ ചെയ്യുന്നത് ആവശ്യവും അത് നിയമവ്യവസ്ഥയ്ക്ക് അനിവാര്യവുമാണ്. അത് ഉറപ്പാക്കുന്നതിന് ഒരു ആക്റ്റ് കൊണ്ടു വരുന്നത് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ചെലവ് ഉണ്ടാകുന്നതാണ്. എന്നാൽ കുറ്റക്കാർക്കെതിരെ ചുമത്തുന്ന പിഴ സർക്കാരിന് വരുമാനമുണ്ടാക്കുകയും ചെയ്യും.

ചാണ്ടി ഉമ്മൻ, എം.എൽ.എ.